ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം പോലീസ് കസ്റ്റഡിയിൽനിന്നും വിട്ടയച്ചതിനുശേഷം ഒരാൾ ആത്മഹത്യ ചെയ്ത സംഭവം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.

(ബി) തിരുവനന്തപുരം കന്റോൺമെന്റ് പോലീസ് സുജിത് എന്നയാളിനെ കസ്റ്റഡിയിൽ എടുക്കുകയും ഉടൻന്ന് വിട്ടയക്കുകയും അതിനുശേഷം ടിയാൻ ആത്മഹത്യ ചെയ്തതായി കണ്ടെത്തിയിട്ടുള്ളതുമാണ്.

(സി) ഇതു സംബന്ധിച്ച് ടിയാന്റെ മാതാപിതാക്കളുടെ പരാതി ലഭിച്ചിട്ടുണ്ട്. പ്രസ്തുത സംഭവവുമായി ബന്ധപ്പെട്ട് കന്റോൺമെന്റ് പോലീസ് ക്രൈം നമ്പർ 699/2015 u/s 174 CrPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു.

ഗുണ്ടാ-മാഫിയാ ആക്രമണങ്ങൾ

203 (207) ശ്രീ. ബി. ഡി. ദേവസ്സി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ ഗുണ്ടാ-മാഫിയാ ആക്രമണങ്ങളുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(ബി) ഇതുമായി ബന്ധപ്പെട്ട് എത്രപേരെ അറസ്റ്റ് ചെയ്തിട്ടുണ്ട് ; വ്യക്തമാക്കാമോ;

(സി) ഈ കാലയളവിൽ ഗുണ്ടാ-മാഫിയാ ആക്രമണങ്ങൾക്ക് ഇരയായവരുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ ഗുണ്ടാ ആക്രമണങ്ങളുമായി ബന്ധപ്പെട്ട് 60 കേസുകളും, ഗുണ്ടാ-മാഫിയാ ആക്രമണങ്ങളുമായി ബന്ധപ്പെട്ട് 2 കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ഗുണ്ട ആക്രമണങ്ങളുമായി ബന്ധപ്പെട്ട് 247 പേരെയും, ഗുണ്ടാ-മാഫിയാ ആക്രമണങ്ങളുമായി ബന്ധപ്പെട്ട് 8 പേരെയും അറസ്റ്റ് ചെയ്തിട്ടുണ്ട്.

(സി) ഗുണ്ടാ ആക്രമണങ്ങളിൽ 84 പേരും, ഗുണ്ടാ-മാഫിയ ആക്രമണങ്ങളിൽ 2 പേരും ഇരയായിട്ടുണ്ട്.

അഭിലാഷ് വധം

204 (208) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) കാഞ്ഞങ്ങാട് ഹോസ്ദുർഗ്ഗ് മീനാപ്പീസ് കടപ്പുറത്തെ അഭിലാഷിന്റെ വധം സംബന്ധിച്ച ക്രൈംബ്രാഞ്ച് അന്വേഷണം എത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly